# പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്

**ക്ലിപ്തം നമ്പർ 1850**

പാലാ പി. ഒ., പാലാ കോട്ടയം ജില്ല.

(Under license from Reserve Bank of India)

Phone: 04822-211514, 200614, Email: ho@palaurbanbank.com, Website: www.palaurbanbank.com

## സ്ഥാവര വസ്തു ലേല പരസ്യം

വായ്പ കുടിശിക ഈടാക്കൽ നടപടികളുടെ ഭാഗമായി ബാങ്ക് ലേലംകൊണ്ട്, ബാങ്കിന്റെ കൈവശത്തിലും അവകാശത്തിലും ഉള്ളതും, ബാങ്കിന്റെ പേരിൽ കരം അടച്ചു വരുന്നതുമായ താഴെ പട്ടികയിലുള്ള സ്ഥാവര വസ്തുവകകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ വകുപ്പ് 9 പ്രകാരം ബാങ്ക് ബൈലോ വകുപ്പ് 5(17) അനുസരിച്ചും ബാങ്ക് ഭരണസമിതിയുടെ **30/12/2025 ലെ 654 -ാം നമ്പർ തീരുമാന പ്രകാരം 2026 -ാം മാണ്ട് ജനുവരി മാസം 30 -ാം തീയതി 3 P M ന് ബാങ്കിന്റെ ഹെഡ്ഓഫീസ്, പാലാ - ൽ വച്ച് പരസ്യ ലേലം** വഴി വിൽക്കുന്നതാണ്.

**സീൽഡ് ദർഘാസുകൾ 30.01.2026 -ാം തീയതി 1 P M - ന് മുമ്പായി നിരതദ്രവ്യം അടച്ച് ജനറൽ മാനേജർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. കൂടുതൽ തുക നൽകുന്ന ആളിന്റെ പേരിൽ വിൽപന താൽക്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ നിരതദ്രവ്യം ഉൾപ്പെടെ ലേലതുകയുടെ 25 ശതമാനം തുക അന്നേ ദിവസം തന്നെ അടയ്ക്കേണ്ടതുമാണ്.**

## വസ്തു വിവരം

| ക്രമ നം: | വസ്തു വിവരം | സംവരണ വില (Rs) | നിരത ദ്രവ്യം (Rs) |
|---|---|---|---|
| 1 | കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മീനച്ചിൽ വില്ലേജിൽ 5176-ാം നമ്പർ തണ്ടപ്പേരിൽ ബ്ലോക്ക് നമ്പർ 80 ൽ റീസർവ്വേ 173/30-3 (മുൻ സർവ്വേ നമ്പർ 794/1/1) ൽ 2.02 ആർ സ്ഥലവും തന്നകത്തുള്ള കെട്ടിടവും സകല വകകളും | 36,30,000/- | 25,000/- |
| 2 | കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടനാട് വില്ലേജിൽ 8758-ാം നമ്പർ തണ്ടപ്പേരിൽ ബ്ലോക്ക് നമ്പർ 31 ൽ റീസർവ്വേ 180/3 (മുൻ സർവ്വേ നമ്പർ 1252/12എ/2) ൽ 2.83 ആർ സ്ഥലവും തന്നകത്തുള്ള കെട്ടിടവും സകല വകകളും | 16,80,000/- | 25,000/- |
| 3 | കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടപ്ലാമറ്റം വില്ലേജിൽ 8880-ാം നമ്പർ തണ്ടപ്പേരിൽ ബ്ലോക്ക് നമ്പർ 12ൽ 1) റീസർവ്വേ 181/3-2 (മുൻ സർവ്വേ നം. 627/4/2) 25.14 ആറും 2) റീസർവ്വേ 181/3-1 (മുൻ സർവ്വേ നം. 631/2/2) 20.23 ആറും 3) റീസർവ്വേ 181/3 (മുൻ സർവ്വേ നം. 627/4/3) 20.23 ആറും ഉൾപ്പെടെ ആകെ 65.60 ആർ സ്ഥലവും തന്നകത്തുള്ള കെട്ടിടവും സകല വകകളും | 80,00,000/- | 25,000/- |

**വിൽപ്പന സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, ദർഘാസ് ഫോമുകൾക്കും ബാങ്കിലോ അല്ലെങ്കിൽ ബാങ്കിന്റെ വെബ്സൈറ്റ് ആയ www.palaurbanbank.com** സന്ദർശിക്കുക.

സ്ഥലം: പാലാ

തീയതി: 07.01.2026

(ഒപ്പ്)

ജനറൽ മാനേജർ

# പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ 1850
# രജി: ആഫീസ്: പാലാ

## സ്ഥാവര വസ്തു ലേല വ്യവസ്ഥകൾ

ലേലസ്ഥലം:- **ഹെഡ്ഡാഫീസ്, പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, പാലാ പി. ഒ., പാലാ**

ലേല തീയതി: 30.01.2026 ലേല സമയം: 03.00 PM

1. നിലവിൽ കാണപ്പെടുന്ന രൂപത്തിലും ആയിരിക്കുന്ന അവസ്ഥയിലും വസ്തുവകകൾ വില്പനയ്ക്ക് വച്ചിരിക്കുന്നതും വസ്തുവകകളിന്മേൽ ഉണ്ടായേക്കാവുന്ന നിയമപരമായ ബാദ്ധ്യതകൾക്കോ മറ്റ് ബാദ്ധ്യതകൾക്കോ വസ്തുവില്പന നടപടികൾ പൂർത്തിയാക്കുന്നതിന് ബാങ്കിന്റേതല്ലാതെ എന്തെങ്കിലും കാലതാമസം ഉണ്ടായാൽ ആയതിന് ബാങ്കിന് യാതൊരു ഉത്തരവാദിത്വവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

2. വസ്തു വകകളെ സംബന്ധിക്കുന്ന ആധാരം, ബാദ്ധ്യതകൾ, വിസ്തൃതി, എലുക മുതലായവ പരിശോധിക്കേണ്ടത് ദർഘാസുകാരന്റെ ചുമതല ആയിരിക്കും. ആധാരത്തിൽ ഉടമസ്ഥതയെ സംബന്ധിച്ച് പിശകുകളോ, വിസ്തൃതിയിൽ വ്യത്യാസമോ കാണപ്പെടുന്നതായാൽ ആയതിന് ബാങ്ക് ഉത്തരവാദിയായിരിക്കുന്നതല്ല.

3. സംവരണവിലയിൽ കുറഞ്ഞ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

4. നിരതദ്രവ്യം **'പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്'** - എന്ന പേരിൽ പാലാ - ൽ മാറാവുന്ന വിധം D.D / Receipt ആയി ദർഘാസിനോടൊപ്പം സീൽ ചെയ്ത കവറിൽ മേൽ പറഞ്ഞ സമയത്തിനകമായി ജനറൽ മാനേജർ സമക്ഷം സമർപ്പിക്കേണ്ടതാണ്.

5. ദർഘാസ് കവറിനു പുറത്ത് " TENDER FOR PURCHASE OF PROPERTY Serial No ................" എന്നെഴുതി ഓട്ടിച്ച് സീൽ ചെയ്ത കവറിൽ General Manager, Pala Urban Co-operative Bank Ltd, Head Office, Pala, Pala P. O, Kottayam District. - 686 575എന്ന വിലാസത്തിൽ **മേൽ പറഞ്ഞ തീയതിയിൽ ഉച്ചകഴിഞ്ഞ് 1.00 P.M -ന്** മുമ്പായി ലഭിക്കേണ്ടതാണ്.

6. ദർഘാസുകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മേൽ പറഞ്ഞ തീയതിയിലും സമയത്തും ലേല സ്ഥലത്ത് സന്നിഹിതരായിരിക്കുന്ന ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും.

7. ദർഘാസുകൾ തുറന്നതിനുശേഷം കൂടുതൽ വില ലഭിക്കുന്നതിനായി സന്നിഹിതരായ ലേലാർത്ഥികൾക്ക് തുക കൂട്ടി ലേലം വിളിക്കുവാനുള്ള അവസരം നൽകാനുള്ള അധികാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

8. ബാങ്കിന് വില്പന നടപടികൾ ഏതുസമയത്തും റദ്ദാക്കുന്നതിനും യാതൊരു കാരണവും ബോധിപ്പിക്കാതെ എല്ലാം അല്ലെങ്കിൽ ഏതെങ്കിലും ദർഘാസുകൾ നിരസിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും.

9. വിജയിയായ ദർഘാസുകാരന്റെ നിരതദ്രവ്യം ഒഴികെ ബാക്കിയുള്ള ദർഘാസുകാരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരികെ അതാതു ദർഘാസുകാരന് നൽകുന്നതാണ്.

10. വിജയിയായ ദർഘാസുകാരൻ വില്പന വിലയുടെ **25% (നിരതദ്രവ്യം ഉൾപ്പെടെ) അപ്പോൾത്തന്നെയും ബാക്കി തുക അന്നേയ്ക്ക് 15 ദിവസത്തിനകവും അടയ്ക്കേണ്ടതാണ്.** വില്പന വിലയുടെ 25% അപ്പോൾത്തന്നെയും അതിന്റെ ബാക്കി മുഴുവൻതുകയും നിശ്ചിത സമയത്തിനുള്ളിലും അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം ഉൾപ്പെടെ അടച്ചതുക ബാങ്കിലേയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.

11. ജനറൽ മാനേജർ ഉറപ്പിക്കുന്ന ദർഘാസ് / ലേലം ബാങ്കിന്റെ സ്ഥിരപ്പെടുത്തലിന് വിധേയമായിരിക്കും. ഏതെങ്കിലും കാരണവശാൽ വില്പന നടപടികൾ റദ്ദു ചെയ്യുകയോ ദർഘാസ് /ലേലം ബാങ്ക് സ്ഥിരീകരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം വിജയിച്ച ദർഘാസുകാരന് ടിയാൻ അടച്ചതുക പലിശയോ മറ്റ് നഷ്ടപരിഹാരമോ ഇല്ലാതെ തിരികെ നൽകുന്നതായിരിക്കും.

12. മേൽപറഞ്ഞ മുഴുവൻ തുകയും അടയ്ക്കുകയും ബാങ്ക് ഡയറക്ടർ ബോർഡ് ലേലം സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന മുറയ്ക്ക് ആയത് വിജയിയായ ദർഘാസുകാരൻ സ്വന്തം ചിലവിൽ ബാങ്കിൽ നിന്നും ആധാരം എഴുതി വാങ്ങേണ്ടതാണ്.

13. വില്പന സംബന്ധമായ മുദ്രവില. രജിസ്ട്രേഷൻ ചാർജുകൾ, മറ്റ് ചിലവുകൾ / നികുതികൾ എന്നിവ വിജയിയായ ദർഘാസുകാരൻ വഹിക്കേണ്ടതാണ്.

14. വില്പനയ്ക്ക് വച്ചിരിക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റേയോ മറ്റാരുടേയെങ്കിലുമോ ഏതെങ്കിലും ചാർജുകൾക്കോ. ഈടുകൾക്കോ, ബാദ്ധ്യതകൾക്കോ, ഭൂനികുതികൾക്കോ ബാങ്കിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

15. ഭൂമി വാങ്ങുന്നയാൾ ഭൂമിയുമായി ബന്ധപ്പെട്ട നിലവിലുള്ളതോ മുൻപുണ്ടായിരുന്നതോ ആയ നികുതികൾ, വൈദ്യുതി, വെള്ളം, സീവേജ് ചാർജ്ജുകൾ മുതലായവ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കും.

16. ഭൂമി വാങ്ങുന്നയാൾക്ക് വൈദ്യുതി, വെള്ളം, സീവേജ് കണക്ഷനുകൾ മറ്റേതെങ്കിലും കണക്ഷനുകൾ സ്വന്തം പേരിലേയ്ക്ക് മാറ്റുന്നത് ഭൂമി വാങ്ങുന്ന ആളിന്റെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലുമായിരിക്കുന്നതാണ്.

17. ദർഘാസിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് വസ്തു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ നേരിട്ടോ, ടെലിഫോണിലോ മേൽപറഞ്ഞ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

18. ദർഘാസുകൾ തുറക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം പൊതുഅവധിയോ പ്രവർത്തിദിനം അല്ലാതാവുകയോ ചെയ്താൽ ദർഘാസുകൾ തൊട്ടടുത്ത പ്രവർത്തിദിനം മേൽപറഞ്ഞ സ്ഥലത്തും സമയത്തും തുറക്കുന്നതായിരിക്കും.

19. ദർഘാസിനുള്ള അപേക്ഷാഫാറങ്ങൾ പ്രവർത്തിദിനങ്ങളിൽ (10.00 am to 4.30 pm) സൗജന്യമായും ഈ ആഫീസിൽ നിന്നും / ബാങ്കിന്റെ വെബ്സൈറ്റ് : www.palaurbanbank.com.- ലും ലഭ്യമാണ്.

(ഒപ്പ്)

ജനറൽ മാനേജർ

പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം.
പാലാ പി. ഒ., പാലാ

സ്ഥലം : പാലാ
തീയതി : 07.01.2026